**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഭരണനിർവ്വഹണത്തിലെ മികവിന് ലഭിച്ച അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ ,<br>ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീ. ജി .എസ് .ജയലാൽ ,<br>ശ്രീമതി സി. കെ. ആശ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | ഭരണ നിർവ്വഹണത്തിലെ മികവിന് സംസ്ഥാന സർക്കാരിന് അന്താരാഷ്ട്ര അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഭരണനിർവ്വഹണത്തിലെ മികവിന് സംസ്ഥാന സർക്കാരിന് ലഭിച്ച പ്രധാന അന്താരാഷ്ട്ര അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു. 1. ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിരവികസന ലക്ഷ്യ സൂചികയിൽ രാജ്യത്ത് കേരളം ഒന്നാം സ്ഥാനത്താണ്. 2. കോപ്റ്ററ്റഡെ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് 2017 ജനമൈത്രി പോലീസിന് ലഭിച്ചു. 3. സംസ്ഥാനത്ത് ഉണ്ടായ വിനാശകരമായ പ്രളയദുരന്തത്തിൽ കേരള പോലീസ് നടത്തിയ രക്ഷാപ്രവർത്തനങ്ങൾക്ക് സ്കോച്ചിന്റെ സുവർണ്ണ പുരസ്കാരം ലഭിച്ചു. 4. കേരള പോലീസിന്റെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് സ്കോച്ച് മെരിറ്റ് അവാർഡ് ലഭിച്ചു. കൂടാതെ SKOCH Governance Award-2018 കേരള പോലീസിന് ലഭിച്ചു. 5. പോലീസിന്റെ സൈബർ ഡോം പദ്ധതിക്ക് Information Security Leadership Achievements Asia-Pacific (ISLA Asia-Pacific Award 2018, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2019 എന്നീ അംഗീകാരങ്ങൾ ലഭിച്ചു. 6. UAE യുടെ Best 'M' Government Service Award-6th Edition സംസ്ഥാന പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനായ 'Traffic Guru' വിന് ലഭിച്ചു. 7. 2019-ൽ ബാങ്കിംഗ് ഫ്രോഡുകൾ കണ്ടെത്തുന്നതിനുള്ള പദ്ധതിക്ക് ബിസിനസ് വേൾഡ് ഡിജിറ്റൽ അവാർഡ് ലഭിച്ചു. 8. വേൾഡ് മെഡിക്കൽ ജേർണലിന്റെ മികച്ച ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്. 9. നിപ പ്രതിരോധത്തിന് ഇൻസ്റ്റിറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | ഓഫ് ഹ്യൂമൺ വൈറോളജി കേരളത്തെ ആദരിച്ചു. 10. ലോകാരോഗ്യ സംഘടനയുടെ വേൾഡ് ഹിയറിംഗ് ഫോറത്തിൽ കേരളത്തെയും ഉൾപ്പെടുത്തി. 11. ഐക്യരാഷ്ട്രസഭയുടെ ഏറ്റവും വലിയ പരിസ്ഥിതി പുരസ്കാരമായ 'ചാമ്പ്യൻ ഓഫ് എർത്തിന്' കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു. 12. UBI Global നടത്തിയ വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിൽ പബ്ലിക് ബിസിനസ് ആക്സിലേറ്ററിനുള്ള ഒന്നാം സ്ഥാനം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചു. 13. WTM-ന്റെ മൂന്ന് അവാർഡുകൾ, പസഫിക്,ഏഷ്യാ ട്രാവൽ അസോസി യേഷന്റെ മൂന്ന് ഗോൾഡൻ പുരസ്കാരങ്ങൾ എന്നിവ കേരള ടൂറിസത്തിന് ലഭിച്ചു. കൂടാതെ കോവിഡ്-19 മഹാമാരി പ്രതിരോധിക്കുന്നതിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടു. |
| (ബി) | ആരോഗ്യപരിപാലനം, ക്രമസമാധാനം, വിനോദസഞ്ചാരം, പരിസ്ഥിതിസംരക്ഷണം, മികച്ച പാൽ ഉൽപ്പാദനക്ഷമത, ശുചിത്വം തുടങ്ങിയ മേഖലകളിൽ ഇന്ത്യാ ടുഡേ നടത്തുന്ന സർവ്വേകളിൽ കഴിഞ്ഞ നാലു വർഷമായി ഒന്നാം സ്ഥാനം നിലനിർത്തുന്നത് കേരളമാണോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | അതെ. ആരോഗ്യപരിപാലനം, ക്രമസമാധാനം, പരിസ്ഥിതിസംരക്ഷണം, ശുചിത്വം, വിനോദസഞ്ചാരം, മികച്ച പാൽ ഉൽപ്പാദനക്ഷമതാ സംസ്ഥാനം തുടങ്ങിയ ഇന്ത്യാ ടുഡേ അവാർഡ് നാലുവർഷത്തിനിടയിൽ കേരളത്തിന് ലഭിച്ചു. |
| (സി) | നീതി ആയോഗിന്റെ വിദ്യാഭ്യാസ, ആരോഗ്യ റാങ്കിംഗിൽ രാജ്യത്ത് മുന്നിലെത്തുന്നതിന് കേരളത്തെ സഹായിച്ച ഘടകങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനും പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകി. കൂടാതെ ആർദ്രം പദ്ധതിയുടെ കീഴിൽ വിവിധ പദ്ധതികളിലൂടെ ആരോഗ്യ സേവനം എല്ലാവരിലും എത്തിക്കാൻ സാധിച്ചു. ആരോഗ്യമേഖലയിൽ മുമ്പെങ്ങും ഇല്ലാത്ത രീതിയിൽ വിപുലമായ അടിസ്ഥാന സൗകര്യവികസനവും നൂതന വിദഗ്ധ ചികിത്സാ പദ്ധതികളും ആവിഷ്കരിക്കുകയും ഇവ താഴെതട്ടുവരെ എത്തിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ പൊതുജന ആരോഗ്യമേഖലയിൽ വലിയ രീതിയിൽ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടേയും എണ്ണം വർദ്ധിപ്പിക്കുകയുമുണ്ടായി. ഇവ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധവും |

| | | | |
|---|---|---|---|
| | | | ജീവിതശൈലീരോഗങ്ങൾക്ക് എതിരെ എടുത്ത സമഗ്രമായ ആരോഗ്യപ്രതിരോധ പ്രവർത്തനങ്ങളും വലിയ രീതിയിൽ തന്നെ വിവിധ അന്താരാഷ്ട്ര ഏജൻസികൾ അടക്കം പ്രകീർത്തിക്കുകയുണ്ടായി |
| (ഡി) | ട്രാൻസ്പരൻസി ഇന്റർനാഷണൽ നടത്തുന്ന കറപ്ഷൻ സർവ്വേയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. ഭരണ രംഗത്തെ കാര്യക്ഷമതയും അഴിമതി തുടച്ചുനീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും കാരണം ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യ നടത്തിയ ഇന്ത്യാ കറപ്ഷൻ സർവ്വേയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ